# കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/3474/2020-TS1 തീയതി:08/01/2021

പ്രേഷകൻ
കൃഷി ഡയറക്ടർ

സ്വീകർത്താവ്
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

സർ,

വിഷയം:- ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി- പെൻഷൻ വിതരണം കഴിഞ്ഞ് ബാക്കി നിൽക്കുന്ന തുക - തിരിച്ചടക്കുന്നതിനു മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് -സംബ.

സൂചന:- ജില്ലകളിൽ നിന്നുള്ള അപേക്ഷകൾ

ഗുണഭോക്താവിന്റെ മരണം മൂലമോ, മറ്റ് കാരണങ്ങളാലോ ബാക്കി നിൽക്കുന്ന പെൻഷൻ തുക ബാക്കി നിൽക്കുന്ന കർഷക പെൻഷൻ തുകകൾ തിരിച്ചടക്കാനുള്ള അക്കൗണ്ട് ഉൾപ്പടെ മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ജില്ലകളിൽ നിന്ന് അപേക്ഷകൾ ലഭിക്കുന്നുണ്ട്.

2018 ഡിസംബർ മാസം മുതലുള്ള കർഷക പെൻഷൻ നൽകുന്നത് കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡാണ്. ആയതിനാൽ ഈ കാലയളവിൽ ഗുണഭോക്താവിന്റെ മരണം മൂലമോ, മറ്റ് കാരണങ്ങളാലോ ബാക്കി നിൽക്കുന്ന പെൻഷൻ തുക തിരിച്ചടക്കേണ്ടതും കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ്. ഇതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു.

1. കൃഷി ഭവനിൽ, കർഷക പെൻഷൻ ബാക്കി നിൽക്കുന്ന തുകയുടെ വിവരങ്ങൾ പരിശോധിക്കുക. ഗുണഭോക്താവിന്റെ പേര്, കാലയളവ്, തിരിച്ചടക്കുന്ന തുക, , തിരിച്ചടക്കാനുള്ള കാരണം ഇവ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തുക.

2. ഈ തുക 2018 ഡിസംബർ മാസം മുതലുള്ള കർഷക പെൻഷൻ നൽകിയതിൽ ബാക്കി നിൽക്കുന്നതാണെങ്കിൽ, പ്രസ്തുത തുക കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡിന്റെ താഴെ പറയുന്ന ബാങ്ക്

അക്കൗണ്ടിലേക്ക് തിരിച്ചടക്കുക.

3. ഇതിനുശേഷം തിരിച്ചടവ് വിവരങ്ങൾ കൂടി രജിസ്റ്ററിൽ രേഖപ്പെടുത്തുക. ഓരോ മാസവും 25-നകം ഇത്തരം തിരിച്ചടവുകൾ പൂർത്തിയാക്കി കൃഷി അസിസ്റ്റന്റ് ഡയരക്ടർ മുഖാന്തിരം ജില്ലാ കൃഷി ഓഫീസർക്ക് റിപ്പോർട്ട് നൽകുക.

4. ജില്ലാ കൃഷി ഓഫീസിൽ നിന്നും തിരിച്ചടവ് സംബന്ധിച്ച ഏകീകരിച്ച പ്രതിമാസ റിപ്പോർട്ട് എക്സൽ ഫോർമാറ്റിൽ കൃഷി ഡയറക്ടറേറ്റിലേക്ക് അയച്ചുതരേണ്ടതാണ്. തിരിച്ചടവുള്ള മാസം മാത്രം ജില്ല റിപ്പോർട്ട് നൽകിയാൽ മതിയാകും.

5. കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡിന്റെ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടിലേക്ക് 2018 ഡിസംബർ മാസം മുതലുള്ള കർഷക പെൻഷൻ തുകയുടെ ബാക്കി തിരിച്ചടക്കാവുന്നതാണ്. Kerala State Social Security Pension Limited (A/c No.00110102300269; IFSC code: KSBK0000101), with Kerala State Co-operative Bank, Head Quarters Branch, Thiruvananthapuram.

6. റിപ്പോർട്ട് നൽകേണ്ട എക്സൽ ഫോർമാറ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

(Sd/-)

RAJENDRALAL T V
ADDITIONAL DIRECTOR OF AGRICULTURE
കൃഷി ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം: റിപ്പോർട്ട് നൽകേണ്ട എക്സൽ ഫോർമാറ്റ്

പകർപ്പ്: 1) എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും
2) എല്ലാ കൃഷി ഓഫീസർമാർക്കും

Nizam S.A, M.Sc.(Hort.)
Assistant Director of Agriculture,
Directorate of Agriculture,
Vikas Bhavan, Thiruvananthapuram-33

കർഷക പെൻഷൻ, തിരിച്ചടവ് വിവരങ്ങൾ

| ജില്ല | ബ്ലോക്ക് | കൃഷി ഭവൻ | ഗുണഭോക്താവിന്റെ പേര് | കാലയളവ് | തിരിച്ചടക്കുന്ന തുക | തിരിച്ചടക്കാനുള്ള കാരണം | തിരിച്ചടച്ച തീയ്യതി | ബാങ്ക്/ ബ്രാഞ്ച് | പണമിടപാട് ഐ.ഡി. |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |